(സി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മേൽ സൂചിപ്പിച്ച തരത്തിലുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. സ്ഥിതിവിവര കണക്ക് വകുപ്പ് മുഖേന സംസ്ഥാനത്തുടനീളം നടത്തിയ സർവ്വേയിൽ അപകടകരമല്ലാത്ത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 14 വയസ്സിൽ താഴെ പ്രായമുള്ള 375 കുട്ടികളുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മാനദണ്ഡ പ്രകാരം നമ്മുടെ സംസ്ഥാനം ബാലവേല വിമുക്തമാണെന്നു പറയാവുന്നതാണ്. എന്നിരുന്നാലും അത് പൂർണ്ണമായും ഇല്ലാതാക്കുവാനുള്ള ശ്രമമാണ് നടത്തുന്നത്. മുൻപറഞ്ഞ സ്ഥിതിവിവരക്കണക്കിൻമേലുള്ള ഒരു പുനഃപരിശോധന നടത്തുവാൻ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിരിക്കയാണ്. ഇതിന്റെ ഫലം കൂടി ലഭ്യമായാൽ മാത്രമേ മറ്റു പ്രവർത്തനങ്ങൾക്ക് രൂപം നൽകാനാവൂ.

(ഡി) ബാലവേല കണ്ടെത്തിയാലുടൻ തന്നെ അവരെ ജുവനൈൽ ഹോം പോലുള്ള സ്ഥാപനങ്ങളിൽ പാർപ്പിച്ച് ആഹാരം, വിദ്യാഭ്യാസം എന്നിവ നൽകുന്നുണ്ട്. അന്യ സംസ്ഥാനത്തുനിന്ന് ബാലവേലയ്ക്ക് കൊണ്ടു വരുന്ന കുട്ടികളെ മാതൃ സംസ്ഥാനത്തേക്ക് തിരികെ അയയ്ക്കുന്നതിനും മറ്റും ഏർപ്പാടു ചെയ്തുവരുന്നുണ്ട്.

ആലുവ-ഏലൂർ വ്യവസായ മേഖലയിലെ ഇ. എസ്. ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി

41 [2910] ശ്രീ. കെ. മുഹമ്മദാലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-ഏലൂർ വ്യവസായ മേഖലയിലെ ഇ. എസ്. ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം സുഗമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ആവശ്യത്തിന് മരുന്നും ഡോക്ടർമാരും ഇല്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പരാതികൾ പരിഹരിക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലുവ-ഏലൂർ മേഖലയിലെ ഇ. എസ്. ഐ. സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗമണ്ഡൽ ഇ. എസ്. ഐ. ആശുപത്രിയോടനുബന്ധിച്ച് ഒരു എസ്. ടി. ഡി. ക്ലിനിക് ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ ആവശ്യമായ അംട്രാ 'എ' സ്കാൻ മെഷീൻ വാങ്ങി സ്ഥാപിക്കുകയും ബ്ലോയിൽസ് മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രോ കാർഡിയോഗ്രാഫ് മെഷീൻ, ഇലക്ട്രോ ഡയാതെർമി എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ബി) പരാതികൾ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ കോൺട്രാക്ട് വ്യവസ്ഥയിൽ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിൽരഹിതർക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ

42 [2911] ശ്രീ. രാജു എബ്രഹാം:
,, കെ. രാധാകൃഷ്ണൻ:
,, കെ. കെ. ജയചന്ദ്രൻ:
,, ടി. കെ. ദേവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ബഡ്ജറ്റുകൾ വഴി ഏതെല്ലാം പദ്ധതികൾ തൊഴിൽ രഹിതർക്ക് പ്രത്യേകമായി പ്രഖ്യാപിക്കുകയുണ്ടായി;

(ബി) ഇവയിൽ ഇപ്പോഴും നടപ്പാക്കാൻ കഴിയാത്തവ ഏതൊക്കെ;

(സി) ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ വഴി പുതുതായി എത്ര പേർക്ക് സ്ഥിരം തൊഴിൽ നൽകുകയുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ – സി) വ്യാവസായിക പുരോഗതിക്കും മെച്ചപ്പെട്ട തൊഴിലാളി-തൊഴിലുടമാ ബന്ധവും ലക്ഷ്യമാക്കിയുള്ള ഒരു തൊഴിൽ നയത്തിന് ഈ സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കി വികസിപ്പിക്കുന്നതിനും അതിന്റെ ഭാഗമായി കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുക വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യമാണ് ഇതുമൂലം സാക്ഷാൽക്കരിക്കപ്പെടുന്നത്.

തൊഴിൽ രഹിതർക്ക് നേരിട്ട് നിയമനം നടത്തി തൊഴിൽ നൽകുക എന്ന രീതിയിലുള്ള പദ്ധതികൾ തൊഴിൽ വകുപ്പിന്റെ പ്രവർത്തന പരിധിയിൽ വരുന്നില്ല.

തൊഴിൽ രഹിതർക്ക് ചില പ്രത്യേക പദ്ധതികൾ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കി വരുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു പദ്ധതിയാണ് ''തൊഴിൽ രഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി'' അഥവാ 'കെസ്റു' ഈ പദ്ധതിയനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 20-നും 40-നും മദ്ധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവജനങ്ങൾക്ക് 20% സബ്സിഡിയോടെ 1,00,000 രൂപാവരെ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ബാങ്കുകൾ മുഖേന വായ്പ അനുവദിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 2621 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽ നിയമങ്ങൾ ലംഘിച്ചവർക്കെതിരെ എടുത്ത കേസുകൾ

43 [2912] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ നിയമങ്ങൾ ലംഘിച്ചവർക്കെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly